# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5795** | **02/7/2019**-ലെ മറുപടി

# പമ്പ് ഓപ്പറേറ്റർമാരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾസ്

**ചോദ്യം**

ശ്രീ. വി.എസ്.ശിവകുമാർ

(എ) കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർമാരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിനായുള്ള നിർദ്ദേശങ്ങളടങ്ങിയ 2012-ലെ കരട് സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നത് സംബന്ധിച്ച 2017-ലെ ഡബ്ള്യൂ.പി(സി) 10988 നമ്പർ കേസിലെ 29/10/2018-ലെ ബഹു. ഹൈക്കോടതിവിധിയുടെ പശ്ചാത്തലത്തിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ആരംഭിച്ചെങ്കിൽ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) ഇത് എത്ര നാളിനകം നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**മറുപടി**

കെ.കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

(എ), (ബി) & (സി) കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് ജീവനക്കാർക്കായി പിൻതുടരുന്ന റൂൾസിൽ കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമാണെന്ന കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ അഭ്യർത്ഥനപ്രകാരവും ഡബ്ല്യൂ.പി (സി) 10988/2017-മേലുള്ള 29/10/2018-ലെ വിധിന്യായം ഉൾപ്പെടെയുള്ള ഏതാനും കോടതി വിധികൾ പ്രകാരവും പമ്പ് ഓപ്പറേറ്റർ ഉൾപ്പെടെയുള്ള ടെക്നിക്കൽ കാറ്റഗറിയിലെ ജീവനക്കാരുടെ യോഗ്യത, സ്ഥാനക്കയറ്റം എന്നിവ നിർണ്ണയിക്കുന്നതിനുള്ള പുതുക്കിയ കരട് കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ് കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്.

സർവ്വീസ് റൂൾസ് രൂപീകരണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 19/7/2010-ൽ പുറപ്പെടുവിച്ച 11884/ആർ1/07/പി&എആർഡി നമ്പർ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച കരട് റൂളിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കേരള വാട്ടർ അതോറിറ്റിയിലെ സംഘടനകളുടെ ഒരു യോഗം 20/6/2019-ന് ചേർന്നിരുന്നു.

ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം കേരള വാട്ടർ അതോറിറ്റി

ടെക്നിക്കൽ സർവ്വീസ് റൂൾസിന് അന്തിമ രൂപം നൽകി വിജ്ഞാപനം ചെയ്യുന്നതാണ്.

Renuka Sarkar
സെക്ഷൻ ഓഫീസർ

JSK/